(3) വേക്കൻസി റിപ്പോർട്ട് ചെയ്യാത്തതുമൂലം റാങ്ക് ലിസ്റ്റിലുള്ള ഉദ്യോഗാർത്ഥികൾ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ. ഇടുക്കി ജില്ലയിൽ വിവിധ വകുപ്പുകളിലേക്ക് വിവിധതരം ഉദ്യോഗങ്ങൾ ലഭിക്കുന്നതിനുവേണ്ടി പരീക്ഷ എഴുതി ഇന്റർവ്യൂ കഴിഞ്ഞ് സെലക്ഷൻ ലഭിച്ചതിനുശേഷം ജോലിയ്ക്കായി അനന്തമായി കാത്തിരിക്കുന്ന ഉദ്യോഗാർത്ഥികളുടെ മനനൊമ്പരമാണ് ഈ സബ്മിഷനിലൂടെ ഞാൻ ഈ സഭയിൽ കൊണ്ടുവരുന്നത്. വനം വകുപ്പിൽ ഫോറസ്റ്റു ഗാർഡുമാരായി നിയമനം ലഭിക്കുന്നതിന് അർഹരായവരുടെ ലിസ്റ്റ് ഇടുക്കി ജില്ലാ പി.എസ്.സി. മാർച്ച് 24-ന് പ്രസിദ്ധീകരിച്ചതാണ്. 500-ലധികം വേക്കൻസി നിലവിലുണ്ടായിട്ടും വനംവകുപ്പിൽ ഒരു വേക്കൻസി പോലും റിപ്പോർട്ട് ചെയ്യുന്നില്ല. ഇതുതന്നെയാണ് സർക്കാരിന്റെ വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ് സർവന്റ്സായി നിയമനം ലഭിക്കുന്നതിന് കാത്ത് കഴിയുന്നവരുടേയും സ്ഥിതി. '99 മാർച്ച് 23-ന് നിലവിൽ വന്ന ഈ ലിസ്റ്റിലും നിരവധി പേർ നിയമനം കാത്ത് കഴിയുകയാണ്. മുഖ്യമന്ത്രിയുടെ പോലീസ് വകുപ്പിലും 97-ജൂലൈയിൽ പ്രസിദ്ധീകരിച്ച കോൺസ്റ്റബിൾമാരുടെ ലിസ്റ്റിലും ഇനിയും 12 പേർ അവശേഷിക്കുകയാണ്. നിരവധി വേക്കൻസികൾ ഉണ്ടായിട്ടും ഈ വേക്കൻസികൾ റിപ്പോർട്ടുചെയ്യുന്നതിനും, 12 പേരെ നിയമിക്കുന്നതിനും പോലീസ് അധികൃതർ ഇപ്പോഴും തയ്യാറായിട്ടില്ല. എത്രയോ പരീക്ഷകളുടെ കടമ്പ കടന്നാണ് ഒരു ഉദ്യോഗാർത്ഥിക്ക് പി.എസ്.സി.യുടെ ലിസ്റ്റിൽ സ്ഥാനം പിടിക്കാൻ കഴിയുന്നത്. ഇവരിൽ പലരും ഇനി ഒരു പരീക്ഷ എഴുതുവാൻ കഴിയാത്ത നിലയിൽ പ്രായം അധികരിച്ചവരുമാണ്. ഈ ലിസ്റ്റ് റദ്ദാക്കപ്പെട്ടാൽ പിന്നെ ഒരു ജോലി എന്ന സ്വപ്നം ഇവരുടെ ജീവിതത്തിൽ അവശേഷിക്കുകയില്ല. വളരെ ക്രൂരമായ സമീപനമാണ് ഉദ്യോഗസ്ഥ മേധാവികൾ ഇവരോട് പുലർത്തുന്നത്. ഒരു വേക്കൻസി ഉണ്ടായാൽ ഒരാഴ്ചക്കുള്ളിൽ തന്നെ ബന്ധപ്പെട്ടവരെ അറിയിക്കുവാൻ നിയമംമൂലം നിർബന്ധിക്കുന്ന സാഹചര്യം ഉണ്ടാകണം. ഈ കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരെ, ഉദ്യോഗസ്ഥ മേധാവികളെ, കർശനമായി ശിക്ഷിക്കുവാൻ നിയമം ഉണ്ടാകണം. ബഹു. മുഖ്യമന്ത്രി അടിയന്തിരമായി ഇടപെട്ട് നിയമനത്തിനുള്ള കാലതാമസം ഒഴിവാക്കണം എന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ. കേരള സംസ്ഥാനത്തിന്റെ വിവിധ വകുപ്പുകളിലായി ഉണ്ടാകുന്ന ഒഴിവുകൾ മുൻകൂട്ടി കണക്കാക്കി കാലാകാലങ്ങളിൽ പി.എസ്.സി.യെ അതാത് നിയമനാധികാരികൾ അറിയിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഒഴിവുകൾ യഥാസമയം റിപ്പോർട്ടു ചെയ്യുന്നില്ല എന്ന പരാതിയുടെ വെളിച്ചത്തിൽ വകുപ്പു തലവൻമാരുടെയും ഭരണ വകുപ്പ് സെക്രട്ടറിമാരുടെയും ഒരു യോഗം ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കൂടുകയും അതാത് ഭരണവകുപ്പ് സെക്രട്ടറിമാരോട് എല്ലാ മാസവും നിയമന പുരോഗതി വിലയിരുത്താൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ രണ്ടുമാസം കൂടുമ്പോഴും റിപ്പോർട്ട് ചെയ്ത ഒഴിവുകളുടെ വിശദവിവരം ഉദ്യോഗസ്ഥ ഭരണപരിഷ്ക്കാര വകുപ്പിനെ അറിയിക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്. മൂന്നുമാസത്തിൽ കൂടുതൽ നിലനിൽക്കുന്ന ഒഴിവുകൾ പി.എസ്.സി.യെ അറിയിക്കണമെന്നും, പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ മറ്റു രീതിയിലുള്ള നിയമന രീതി അവലംബിക്കാൻ പാടില്ല എന്നും നിഷ്കർഷിച്ചിട്ടുണ്ട്. മാത്രമല്ല, ഏതെങ്കിലും തസ്തികയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല എന്ന കാര്യം പി.എസ്.സി. അറിയിച്ചാൽ മാത്രമേ

LIBRARY ARCHIVES Kerala Legislative Assembly

പ്രസ്തുത തസ്തികയിലേക്ക് താൽക്കാലിക നിയമനം നടത്താവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. പി.എസ്.സി. വഴി നികത്തേണ്ട ഒഴിവുകൾ എല്ലാം തന്നെ പി.എസ്.സി. വഴി നികത്താൻ ആവശ്യമായ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. ഒഴിവുകൾ നിയമാനുസരണം, പി.എസ്.സി.യെ അറിയിക്കാത്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന പക്ഷം, ഉത്തരവാദപ്പെട്ടവരുടെ പേരിൽ കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

(4) വാഹനാപകടങ്ങൾ ഒഴിവാക്കാൻ അടിയന്തിര നടപടി

ശ്രീ. ജോസ് ബേബി : സർ, കേരളത്തിലെ ഏറ്റവും പൊതുവായ ഒരു വിഷയത്തെക്കുറിച്ചാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. കേരളത്തിൽ ഇപ്പോൾ നടക്കുന്ന അപകടമരണങ്ങളുടെ പത്രവാർത്തകൾ ദിവസേന ഏറെ ഞെട്ടലോടെയാണ് ആളുകൾ വായിക്കുന്നത്. വാഹനങ്ങളുടെ അമിതമായ വേഗതയും, ലക്കും ലഗാനുമില്ലാതെയുള്ള ഡ്രൈവിംഗും, ട്രാഫിക് നിയന്ത്രണങ്ങൾ ഒരു തരത്തിലും പാലിക്കാതെയുള്ള വാഹനങ്ങളുടെ സഞ്ചാരവും സംസ്ഥാനത്ത് നടക്കുന്ന അപകടമരണങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്നു. വാഹനങ്ങളുടെ അമിതമായ സ്പീഡ് നിയന്ത്രിക്കുന്നതിനും ട്രാഫിക് നിയന്ത്രണങ്ങൾ പാലിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിനും വേണ്ടി സംസ്ഥാനത്തെ ട്രാഫിക് പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കണം. ഗൾഫ് രാജ്യങ്ങളിലൊക്കെ, അമിതമായ ഡ്രൈവിംഗ് ഉണ്ടോ, അമിതമായ സ്പീഡ് ഉണ്ടോ, ട്രാഫിക് നിയന്ത്രണം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ചില ഫോട്ടോ സംവിധാനം ഉൾപ്പെടെ അവിടെ പരീക്ഷിച്ചുകൊണ്ടിരിക്കുകയാണ്. അത്തരം സംവിധാനങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തിക്കൊണ്ട് ഈ സംസ്ഥാനത്ത് ഇപ്പോൾ ഉണ്ടാകുന്ന അമിത വേഗത അതുപോലെ തന്നെ ട്രാഫിക് നിയന്ത്രിക്കാത്ത നടപടികൾ തുടങ്ങിയവ കർശനമായ രീതിയിൽ നിയന്ത്രിക്കുവാൻ ആവശ്യമായ നിയമ നടപടികൾ ഉണ്ടാക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, വാഹനാപകടങ്ങൾ ഒഴിവാക്കുന്നതിനും കുറ്റമറ്റ ട്രാഫിക് സംവിധാനം നടപ്പിലാക്കുന്നതിനും വേണ്ടി വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ദേശീയപാതയിലും എം.സി. റോഡിലും ഹൈവേ പട്രോൾ സംവിധാനവും ഇടുക്കി, വയനാട് ഒഴികെ മറ്റെല്ലാ ജില്ലകളിലും ദൈനംദിന പട്രോളിംഗ് സംവിധാനവും ഏർപ്പെടുത്തി. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ സിറ്റികളിലും തിരുവനന്തപുരം റൂറൽ, മലപ്പുറം, പാലക്കാട് എന്നീ പോലീസ് ജില്ലകളിലും ഹാൻഡ് ഹെൽഡ് ട്രാഫിക് റഡാർ സംവിധാനം ഏർപ്പെടുത്തി. കോർപ്പറേഷൻ, മുനിസിപ്പാലിറ്റി അതിർത്തിക്കുള്ളിൽ ഹെവി വെഹിക്കിൾ, ലൈറ്റ് വെഹിക്കിൾ, മോട്ടോർ സൈക്കിൾ, ഓട്ടോറിക്ഷ ഇവയുടെ സ്പീഡ് മണിക്കൂറിൽ യഥാക്രമം 35,40,40,30 കിലോമീറ്റർ ആയി നിജപ്പെടുത്തി. പശ്ചിമഘട്ട റോഡുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു സമീപമുള്ള റോഡുകൾ എന്നിവ ഒഴിച്ചുള്ള റോഡുകളിൽ ലൈറ്റ് മോട്ടോർ വെഹിക്കിൾ, ഹെവി മോട്ടോർ വെഹിക്കിൾ, മോട്ടോർ സൈക്കിളുകൾ എന്നിവയുടെ വേഗതപരിധി യഥാക്രമം 70,60,50 കിലോമീറ്റർ കവിയാൻ പാടില്ലെന്ന് നിശ്ചയിച്ചു. സ്പീഡു നിയന്ത്രണങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

ട്രാഫിക് സിഗ്നൽ ലൈറ്റ് സമ്പ്രദായം, ആവശ്യമെന്നു തോന്നുന്ന റോഡുകളിൽ വൺവെ ട്രാഫിക് സംവിധാനം ഇവ വ്യാപിപ്പിച്ചു. സ്പീഡ് റഡാർ, മീഡിയനുകൾ, റിഫ്ളക്ടർ ഇവ സ്ഥാപിച്ച് അപകടങ്ങൾ കുറ

LIBRARY ARCHIVES Kerala Legislative Assembly